REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 13-06-2025 | സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **വിമാനദുരന്തമുണ്ടായ അഹമ്മദാബാദ് പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദർശിച്ചു. തുടർന്ന് കേന്ദ്രമന്ത്രിമാരുമായും മുതിർന്ന ഉദ്യോഗസ്ഥരുമായും അദ്ദേഹം ചർച്ച നടത്തി.**
- **ഇസ്രയേൽ - ഇറാൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യൻ പൗരന്മാരോട് ജാഗ്രത പുലർത്താൻ എംബസികൾ നിർദ്ദേശം നൽകി.**
- **വിമാനാപകടത്തിൽ മരിച്ച ആറന്മുള പുന്നാട് സ്വദേശി രഞ്ജിതയുടെ വീട് മന്ത്രി വീണാ ജോർജ്ജ് സന്ദർശിച്ചു.**
- **നിലമ്പൂർ ഉപതിരഞ്ഞെടുപ്പിലേക്ക് ഇനി ആറ് ദിവസം മാത്രം. മുന്നണികൾക്കായി മുതിർന്ന നേതാക്കൾ പ്രചാരണരംഗത്ത്.**
- **സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ രണ്ട് ജില്ലകളിൽ ചുവപ്പ് ജാഗ്രത.**

## വാർത്തകൾ വിശദമായി

വിമാനദുരന്തമുണ്ടായ അഹമ്മദാബാദ് പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ സന്ദർശിച്ചു. അപകടസ്ഥലം നേരിൽ കണ്ടതിന് ശേഷം പ്രധാനമന്ത്രി, പരിക്കേറ്റവരെ പ്രവേശിപ്പിച്ച സിവിൽ ആശുപത്രിയിൽ എത്തി അവരെ സമാശ്വസിപ്പിച്ചു. വിമാനാപകടത്തിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട വിശ്വാസ് കുമാർ രമേഷിനോട് പ്രധാനമന്ത്രി ട്രോമാകെയർ യൂണിറ്റിലെത്തി വിവരം ആരാഞ്ഞു.

പെട്ടെന്നുണ്ടായ ദുരന്തത്തിൽ എല്ലാവരും തകർന്നുപോയെന്നും, ഹൃദയഭേദകവും വാക്കുകൾക്കതീതവുമാണ് അഹമ്മദാബാദിലെ

അപകടമെന്നും പ്രധാനമന്ത്രി പറഞ്ഞു. ദുരന്തത്തിന്റെ ദൃശ്യങ്ങൾ അതീവ ദുഃഖകരമാണെന്ന് അദ്ദേഹം പിന്നീട് സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ദുരന്തമുഖത്ത് അക്ഷീണ പ്രവർത്തനം നടത്തുന്ന ഉദ്യോഗസ്ഥരെയും, സംഘാംഗങ്ങളെയും കണ്ട് പ്രധാനമന്ത്രി കാര്യങ്ങൾ ആരാഞ്ഞു. സങ്കൽപ്പിക്കാനാവാത്ത ഈ ദുരന്തത്തിൽ പ്രിയപ്പെട്ടവരെ നഷ്ടമായവരോടൊപ്പമാണ് തന്റെ ചിന്തകളെന്ന് നരേന്ദ്രമോദി വ്യക്തമാക്കി.

സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി അഹമ്മദാബാദിൽ കേന്ദ്രമന്ത്രിമാരുമായും മുതിർന്ന ഉദ്യാഗസ്ഥരുമായും ചർച്ച നടത്തി സ്ഥിതിഗതികൾ വിലയിരുത്തി.

ഇന്നലെ ഉച്ചയ്ക്കാണ് അഹമ്മദാബാദിൽ നിന്ന് ലണ്ടനിലേക്ക് പോകുകയായിരുന്ന ബോയിംഗ് 787-8 വിമാനം മെഡിക്കൽ കോളജിനു സമീപം റെസിഡൻഷ്യൽ കോംപ്ലക്സിലേക്ക് ഇടിച്ചുകയറി തകർന്നത്. സംഭവത്തിൽ 241 പേർ മരിച്ചെന്നാണ് ഔദ്യോഗിക കണക്ക്.

✪✪✪

അഹമ്മദാബാദ് വിമാന ദുരന്തത്തിൽ എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷണം ആരംഭിച്ചു. അന്താരാഷ്ട്ര വ്യോമയാന സംഘടനയുടെ നടപടിക്രമങ്ങൾ പാലിച്ചായിരിക്കും അന്വേഷണമെന്ന് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി രാംമോഹൻ നായിഡു അറിയിച്ചു. വിവിധ മേഖലകളിലെ വിദഗ്ധർ അടങ്ങുന്ന ഉന്നതതല സംഘം ദുരന്തത്തെപറ്റി വിശദമായ അന്വേഷണം നടത്തുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ഭാവിയിൽ ഇത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കാനും വ്യോമയാന സുരക്ഷ ശക്തമാക്കാനും ആവശ്യമായ നടപടികൾ കമ്മിറ്റി തയ്യാറാക്കും.

✪✪✪

അഹമ്മദാബാദിൽ വിമാനാപകടത്തിൽ മരിച്ച രഞ്ജിതയുടെ സഹോദരൻ രതീഷ് മൃതദേഹം വിട്ടുകിട്ടുന്നതിനും നടപടി ക്രമം പൂർത്തിയാക്കുന്നതിനും ഇന്ന് ഗുജറാത്തിലേക്ക് പുറപ്പെടും. പത്തനംതിട്ട കളക്ട്രേറ്റിൽ നിന്ന് ആവശ്യമായ രേഖകൾ ലഭിച്ച ശേഷമായിരിക്കും യാത്ര. രഞ്ജിതയുടെ മറ്റൊരു സഹോദരനായ രഞ്ജിത്ത് ജോലി സംബന്ധമായി വിദേശത്താണ്. ഇയാൾ ഇന്ന് നാട്ടിലെത്തിയേക്കും.

✪✪✪

വിമാനാപകടത്തിൽ മരിച്ച ആറന്മുള പുന്നാട് സ്വദേശി രഞ്ജിതയുടെ വീട് മന്ത്രി വീണാ ജോർജ്ജ് സന്ദർശിച്ചു. കുടുംബാംഗങ്ങളെ അവർ ആശ്വസിപ്പിച്ചു.

കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ നഴ്സായിരുന്ന രഞ്ജിതയുടെ മരണം നാടിന്റെ വേദനയായി മാറിയിരിക്കുകയാണെന്ന് മന്ത്രി നേരത്തെ പത്തനംതിട്ടയിൽ പറഞ്ഞു.

✪✪✪

വിമാന അപകടത്തിൽ മരണമടഞ്ഞ രഞ്ജിത ജി നായരെ ആക്ഷേപിച്ച് ഫേസ്ബുക്ക് പോസ്റ്റിട്ട കാസർഗോഡ് വെള്ളരിക്കുണ്ട് താലൂക്കിലെ ജൂനിയർ സൂപ്രണ്ട് A.പവിത്രനെ സസ്പെന്റ് ചെയ്തു. ഹീനമായ നടപടിയാണ് ഡെപ്യൂട്ടി തഹസിൽദാരുടെ ഭാഗത്തു നിന്നും ഉണ്ടായതെന്ന് ഉത്തരവിട്ട മന്ത്രി K.രാജൻ പറഞ്ഞു. പോസ്റ്റ്, മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലായിരുന്നു അടിയന്തര സസ്പെൻഷൻ.

മരിച്ചയാളെ അധിക്ഷേപിച്ച് ഗവൺമെന്റ് ഉദ്യോഗസ്ഥൻ സാമൂഹിക മാധ്യമ പോസ്റ്റിട്ടത് മനുഷ്യത്വ രഹിതമായ നടപടിയാണെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഗവൺമെന്റ് രഞ്ജിതയുടെ കുടുംബത്തിനൊപ്പമുണ്ടെന്നും, നടപടിക്രമങ്ങളിൽ സംസ്ഥാനത്തിന് ചെയ്യാവുന്നതെല്ലാം ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

ഇസ്രയേൽ - ഇറാൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യൻ പൗരന്മാരോട് ജാഗ്രത പുലർത്താൻ എംബസികൾ നിർദ്ദേശം നൽകി. സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാനും അവർ ഓർമ്മിപ്പിച്ചു. ഇരു രാജ്യങ്ങളിലെയും ഇന്ത്യൻ പൗരന്മാരോട് അത്യാവശ്യമല്ലാത്ത സഞ്ചാരങ്ങൾ ഒഴിവാക്കണമെന്നും പ്രാദേശിക സുരക്ഷാ നിർദേശങ്ങൾ പാലിക്കണമെന്നും ടെൽ അവീവിലെ എംബസി മുന്നറിയിപ്പ് നൽകി. കൂടുതൽ ഉപദേശ നിർദ്ദേശങ്ങൾക്കായി എംബസികളുടെ സാമൂഹിക മാധ്യമ അക്കൗണ്ടുകൾ പിന്തുടരാനും അവർ ആവശ്യപ്പെട്ടു.

മേഖലയിൽ വ്യോമാതിർത്തിയിലെ അനിശ്ചിതത്വം കണക്കിലെടുത്ത് ടിക്കറ്റ് ബുക്ക് ചെയ്ത യാത്രക്കാരോട് വിമാനക്കമ്പനികളുമായി ബന്ധപ്പെടാൻ ഡൽഹി അന്താരാഷ്ട്ര വിമാനത്താവള അധികൃതരും നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

ഇസ്രായേൽ - ഇറാൻ സംഘർഷത്തെ തുടർന്ന് 16 ലേറെ രാജ്യാന്തര സർവീസുകൾ എയർ ഇന്ത്യ വഴിതിരിച്ചു വിട്ടു. വിമാനങ്ങളോട് ഇന്ത്യയിൽ മടങ്ങിയെത്താനും മാനേജ്മെന്റ് നിർദ്ദേശം നൽകി. യാത്രക്കാർക്ക് താമസ സൗകര്യമുൾപ്പെടെ ബദൽ സംവിധാനം എയർലൈൻസ് ഏർപ്പെടുത്തുമെന്നും

അവർ അറിയിച്ചു. ടിക്കറ്റ് റദ്ദാക്കാനും തുക തിരികെ നൽകാനും സംവിധാനം ലഭ്യമാക്കും. ലണ്ടൻ- ന്യൂയോർക്ക് സർവീസുകളാണ് പ്രധാനമായും റദ്ദാക്കിയത്.

✪✪✪

ഇറാൻ- ഇസ്രയേൽ സംഘർഷ സാഹചര്യത്തിൽ ഇന്ത്യ ആശങ്കയറിയിച്ചു. ഇരുരാജ്യങ്ങളും കടുത്ത സൈനിക നടപടികൾ ഒഴിവാക്കണമെന്ന് വിദേശകാര്യ മന്ത്രാലയം ആവശ്യപ്പെട്ടു. ആണവകേന്ദ്രങ്ങൾക്കു നേരെയുണ്ടാകുന്ന ആക്രമണങ്ങൾ അടക്കം സ്ഥിതിഗതികൾ ഇന്ത്യ സൂക്ഷ്മമമായി നിരീക്ഷിച്ചുവരികയാണെന്നും വിദേശകാര്യമന്ത്രാലയം അറിയിച്ചു.

✪✪✪

ഇറാനെതിരായ ഇസ്രയേൽ ആക്രമണം ഏകപക്ഷീയമായ നടപടിയാണെന്ന് US സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റുബിയോ പറഞ്ഞു. ആക്രമണത്തിൽ അമേരിക്കയ്ക്ക് പങ്കില്ലെന്നും അദ്ദേഹം വാഷിംഗ്ടണിൽ വ്യക്തമാക്കി. മേഖലയിലെ അമേരിക്കൻ സേനയെ സംരക്ഷിക്കുന്നതിനാണ് US മുഖ്യപരിഗണന നൽകുന്നതെന്നും ഇതിന് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും മാർക്കോ റുബിയോ അറിയിച്ചു.

ഇസ്രയേലിലെ US പൗരന്മാർക്ക് രാജ്യം, സുരക്ഷാ മുന്നറിയിപ്പുകളും നൽകിയിട്ടുണ്ട്. പുലർച്ചെയാണ് ഇറാനെതിരെ ഇസ്രയേൽ വ്യോമാക്രമണം ആരംഭിച്ചത്. ഇതേതുടർന്ന് മേഖല സംഘർഷഭരിതമായിരിക്കുകയാണ്.

✪✪✪

നിലമ്പൂരിൽ പരസ്യപ്രചാരണം അവസാനിക്കാൻ നാലു ദിവസം ശേഷിക്കെ പ്രധാന നേതാക്കളെ കളത്തിലിറക്കി മുന്നണികൾ അരയും തലയും മുറുക്കി. മുഖ്യമന്ത്രി പിണറായി വിജയനും, വയനാട് MP പ്രിയങ്കാ ഗാന്ധിയും ഉൾപ്പെടെ പ്രമുഖ നേതാക്കൾ മണ്ഡലത്തിലെ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ സജീവമാകും.

ഇന്ന് നിലമ്പൂരിൽ എത്തുന്ന മുഖ്യമന്ത്രി പിണറായി വിജയൻ മൂന്ന് ദിവസം മണ്ഡലത്തിൽ ക്യാമ്പ് ചെയ്താണ് LDF സ്ഥാനാർത്ഥി M സ്വരാജിനായി വോട്ട് തേടുന്നത്. ഏഴ് പഞ്ചായത്തുകളിലും അദ്ദേഹം പര്യടനം നടത്തും. ഇന്ന് വൈകിട്ട് ചുങ്കത്തറയിലും, മുത്തേടത്തുമാണ് മുഖ്യമന്ത്രിയുടെ പരിപാടികൾ.

വയനാട് MP പ്രിയങ്ക ഗാന്ധി ഇന്ന് മണ്ഡലത്തിൽ എത്തും എന്നാണ് അറിയിച്ചിരുന്നതെങ്കിലും അഹമ്മദാബാദ് വിമാന ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രചരണ പരിപാടികൾ ഞായറാഴ്ചയിലേക്ക് മാറ്റി.

പ്രതിപക്ഷ നേതാവ് VD സതീശൻ ഉൾപ്പടെ കോൺഗ്രസ് നേതാക്കളും, ലീഗ് നേതാക്കളും മണ്ഡലത്തിൽ ക്യാമ്പ് ചെയ്ത് പ്രചാരണം ഊർജ്ജിതമാക്കി.

NDA സ്ഥാനാർത്ഥി മോഹൻ ജോർജിനായി സംസ്ഥാന നേതാക്കൾ അടക്കം മണ്ഡലത്തിലുണ്ട്. ഇന്നലെ BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖറും, മറ്റ് സംസ്ഥാന നേതാക്കളും പ്രചാരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഇന്നും പ്രചാരണം പുരോഗമിക്കുകയാണ്.

✪✪✪

നിലമ്പൂരിൽ മതസ്പർദ്ധയുണ്ടാക്കുന്ന തരത്തിൽ LDF സ്ഥാനാർത്ഥിയെപ്പറ്റി സാമൂഹിക മാധ്യമ പ്രചാരണം നടത്തുന്നവർക്കെതിരെ മുന്നണി പരാതി നൽകി. മുഖ്യമന്ത്രിയുടെയും മറ്റു നേതാക്കളുടെയും പ്രസംഗത്തിലെ ചില ഭാഗങ്ങൾ അടർത്തിയെടുത്ത് വർഗ്ഗീയ വീഡിയോ തയ്യാറാക്കിയെന്നാണ് LDF നൽകിയ പരാതിയിലെ ആരോപണം.

✪✪✪

കോഴിക്കോട് പുറംകടലിൽ MV WAN HAI - 503 കപ്പലിലെ തീ അണയ്ക്കാൻ ശ്രമങ്ങൾ ഇന്നും തുടരുന്നു. . തീരരക്ഷാ സേനയും, വ്യോമസേനയും ഡ്രൈ കെമിക്കൽ പൗഡർ ഉപയോഗിച്ചാണ് തീ നിയന്ത്രണ വിധേയമാക്കുന്നത്. ഹെലികോപ്റ്റർ ഉപയോഗിച്ചാണ് ദൗത്യം. ഏഴ് കോസ്റ്റ് ഗാർഡ് കപ്പലുകളും ഹെലികോപ്റ്ററുകളും ഇപ്പോഴും രക്ഷാ പ്രവർത്തനത്തിനുണ്ട്. കാണാതായ നാല് കപ്പൽ ജോലിക്കാർക്കായി തെരച്ചിൽ തുടരുന്നു. ഇതുവരെ എണ്ണ ചോർച്ച റിപ്പോർട്ട് ചെയ്തിട്ടില്ല.

✪✪✪

കേന്ദ്ര ഗവൺമെന്റിന്റെ സ്വദേശി ദർശൻ two point zero യിൽ തലശ്ശേരിയിൽ നടപ്പാക്കുന്ന തീർത്ഥാടന ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഈ മാസം 30-നകം ആരംഭിക്കും. 25 കോടി രൂപയാണ് ഇതിന് അനുവദിച്ചത്.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O ശശിധരൻ.

......(വോയ്സ്)......

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്

ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകി. നാളെ കണ്ണൂർ, കാസർകോട് ജില്ലകളിൽ ചുവപ്പ് ജാഗ്രതയാണ്.

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ 16 വരെ മിൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഓസ്ട്രേലിയയുടെ രണ്ടാം ഇന്നിങ്സ് വൈകിട്ട് ആരംഭിക്കും. ഇന്നലെ മത്സരം നിർത്തുമ്പോൾ എട്ടു വിക്കറ്റ് നഷ്ടത്തിൽ അവർ 144 റൺസെടുത്തു. ഇതോടെ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് 218 റൺസിന്റെ ലീഡ് ലഭിച്ചു.

✪✪✪

നെതർലാൻഡ്സിലെ ആംസ്റ്റൽവീനിൽ FIH ഹോക്കി പ്രോലീഗിൽ ഇന്ത്യ നാളെ ഓസ്ട്രേലിയയുമായി ഏറ്റുമുട്ടും. ഇന്നലെ ഇന്ത്യ അർജന്റീനയോട് ഒന്നിനെതിരെ രണ്ടുഗോളിന് പരാജയപ്പെട്ടിരുന്നു.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 1,560 രൂപ കൂടി 74,360 രൂപയായി. ഗ്രാമിന് 9,295 രൂപയാണ് ഇന്നത്തെ വില.

✪✪✪

വിദ്യാഭ്യാസ-മത സാംസ്കാരിക സാമൂഹിക ഗ്രന്ഥങ്ങൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങളിലെത്തിക്കാൻ തപാൽ വകുപ്പ് ഗ്യാൻ പോസ്റ്റ് എന്ന പേരിൽ പുതിയ സംരംഭത്തിന് തുടക്കമിട്ടു. പുതിയ വിദ്യാഭ്യാസ നയത്തിന്റെ ലക്ഷ്യങ്ങൾക്ക് യോജിക്കും വിധം രാജ്യത്തുടനീളം പുസ്തകങ്ങൾ ലഭ്യമാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

മുന്നൂറ് ഗ്രാം വരെ പാക്കറ്റുകൾക്ക് ഇരുപതു രൂപയും അഞ്ചു കിലോ വരെ പാക്കറ്റുകൾക്ക് നികുതി ഒഴികെ പരമാവധി 100 രൂപയുമാണ് ഗ്യാൻപോസ്റ്റ് ഈടാക്കുന്നത്. ഈ സൗകര്യം എല്ലാ പോസ്റ്റ് ഓഫീസുകളിലും ലഭ്യമാണ്. ട്രാക്കിങ് സൗകര്യവും ഉണ്ടായിരിക്കും.

✪✪✪

**News Editor : വി കെ സുരേഷ്, News Reader: വി കെ സുരേഷ്, CNRT : അനിൽ ചന്ദ്രൻ, ശരണ്യ രാജൻ , DEO : ഷീബ**